(രജിസ്റ്റർ ചെയ്തുകൈപ്പറ്റുചീട്ട് സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-11/57/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ

ഇ-മെയിൽ : doidk.ksad@kerala.gov.in
ഫോൺ നം. 04862 227332
തീയതി : 12.03.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊന്നത്തടി ഗ്രാമപഞ്ചായത്ത്

സർ

വിഷയം: കൊന്നത്തടി ഗ്രാമപഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയും ഭാഗം 3ലേയും ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ

15(1)ചട്ടം 20, 23. 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഇടുക്കി, തൊടുപുഴ.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-11/57/19 തീയതി : 12.03.2019

## ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215 (4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

********************************

ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.06.2017 മുതൽ 13.01.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം. വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.01.2019 മുതൽ 21.01.2019 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ധനജയൻ റ്റി. എസ്. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മുഹ്സിൻ ഫൈസൽ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോസഫ് ചാക്കോ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മേജോ കെ. ജോർജ്ജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. സാമുവൽരാജ് ആർ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. വി. കെ. മോഹനൻ നായർ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. കെ. സന്തോഷ് | 01.04.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. നീതു ചന്ദ്രൻ | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ശ്രീമതി. അനുഷ സലി | 01.04.2017 മുതൽ 31/03/2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. പി. കെ. പൈലി | 01.04.2017 മുതൽ 31/03/2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. രമ പി. കെ. | 01.04.2017 മുതൽ 31/03/2018 വരെ |
| വി.ഇ.ഒ. | ശ്രീ. ബിജുമോൻ അബ്രഹാം | 01.04.2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ദീപു കൃഷ്ണ | 01.04.2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽഓഫീസർ(ഹോമിയോ) | ഡോ. ശ്രീനാഥ് ബി. | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി. സ്മിത കെ. ജി. | 01.04.2017 മുതൽ 31/03/2018 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി. ഷെറിൻ ആൻഡ്രൂസ് | 01.04.2017 മുതൽ 31.03.2018 വരെ |
| അസി. സെക്രട്ടറി | ശ്രീ. രവീന്ദ്രൻ പി. ജി. | 01.04.2017 മുതൽ 16.09.2017 വരെ |
| | ശ്രീ. ഗോപകുമാർ ആർ | 17.09.2017 മുതൽ 27.11.2017 വരെ |
| | ഒഴിവ് | 28.11.2017 മുതൽ 30.11.2017 വരെ |
| | ശ്രീമതി. ശ്രീകുമാരി റ്റി. വി. | 01.12.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക | ഭാഗം 1 – പൊതു അവലോകനം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |

| | | |
|---|---|---|
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| | | ഭാഗം 2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 13 | 2-1 | കമ്പിളികണ്ടം ഷോപ്പിംഗ് കോംപ്ലക്സ് വാടക – അപാകതകൾ |
| 14 | 2-2 | തൊഴിൽനികുതി - അപാകതകൾ |
| 15 | 2-3 | D & O ലൈസൻസ് - അപാകതകൾ |
| | | ഭാഗം 3 – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 16 | 3-1 | ആട് വിതരണപദ്ധതി - അധിക തുക ചെലവഴിച്ചു. |
| 17 | 3-2 | അസിസ്റ്റന്റ് എഞ്ചിനിയരുടെ അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു |
| 18 | 3-3 | അംഗണവാടികൾക്ക് വയറിംഗ്-പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല |
| 19 | 3-4 | സോളിംഗിന് മാത്രമായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിരിക്കുന്നു |
| 20 | 3-5 | കാലി വീപ്പയുടെ വില ഈടാക്കിയിട്ടില്ല- |
| 21 | 3-6 | മുതിർന്ന പൗരൻമാർക്ക് ആയുർവേദ മെഡിക്കൽ ക്യാമ്പ്- അനുവദനീയമല്ലാത്ത പദ്ധതി |

| | | |
|---|---|---|
| 22 | 3-7 | ആശ്രയ പദ്ധതി - നടപ്പാക്കിയില്ല |
| 23 | 3-8 | ഔഷധങ്ങൾ ലഭ്യമായിട്ടില്ല |
| 24 | 3-9 | തൊഴിലുറപ്പ് പദ്ധതി - അവലോകനം |
| 25 | 3-10 | അക്ഷയസെൻറർ - പഞ്ചായത്ത് ഓഫീസിനുള്ളിൽ പ്രവർത്തിക്കുന്നു |
| 26 | 3-11 | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നികുതി ഒടുക്കിയിട്ടില്ല |
| 27 | 3-12 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല |
| 28 | 3-13 | തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല |
| 29 | 3-14 | ക്ഷേമ പെൻഷൻ അപേക്ഷ രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല |
| 30 | 3-15 | രേഖകൾ ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. |
| 31 | 3-16 | അസി. എൻജിനീയർ പദ്ധതി വിലയിരുത്തൽ |
| | | ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 32 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 33 | 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 34 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 35 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 36 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 37 | 4-6 | ഓഡിറ്റ് റിക്കവറി |
| 38 | 4-7 | സമാഹൃത ഓഡിറ്റ് |
| 39 | 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം |
| 40 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |

| | | |
|---|---|---|
| 41 | 4-10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം |
| 42 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |

# ഭാഗം 1
## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 28.03.2017 തീയതിയിലെ പ്രത്യേക യോഗത്തിന്റെ 1-1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് 23.03.2017നം അവതരിപ്പിച്ച് അംഗീകരിച്ചിട്ടുണ്ട്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണമായും പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. 214(1) വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം സെക്രട്ടറി, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ സമർപ്പിക്കുന്ന വിശദമായ എസ്റ്റിമേറ്റും നിർദേശങ്ങളും പരിഗണിച്ച് സ്റ്റാന്റിംഗ് കമ്മിറ്റികൾ വിശദമായ പ്ലാൻ, നോൺ പ്ലാൻ എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിശ്ചിത സമയക്രമത്തിനുള്ളിൽ ബജറ്റ് അവതരിപ്പിച്ച് അംഗീകരിച്ചിട്ടില്ല. ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. 2017-18ലെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ്-ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹42,00,410.00 |
| വരവ് | ₹22,19,60,162.00 |
| ചെലവ് | ₹20,98,67,264.00 |
| നീക്കിയിരിപ്പ് | ₹1,62,93,308.00 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31.07.2018 | 21.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11.06.2018 മുതൽ 12.06.2018 വരെ | കെ.എസ്.എ/ഐ.ഡി.കെ. 2/677/2018(40) തീയതി. 29.08.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹1,86,26,627.00 |
| വരവ് | ₹8,81,60,208.00 |
| ആകെ | ₹10,67,86,835.00 |
| ചെലവ് | ₹9,88,36,172.00 |
| നീക്കിയിരിപ്പ് | ₹79,50,663.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി. ₹ |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ (ACR പ്രകാരം) | 0 | 24425956 | 24425956 | 23115334 | 1310622 |
| വികസന ഫണ്ട് – എസ്.സി.പി (ACR പ്രകാരം) | 0 | 2450870 | 2450870 | 2450870 | 0 |
| വികസന ഫണ്ട് – ടി.എസ്.പി | 0 | 1328368 | 1328368 | 1328368 | 0 |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – (ACR പ്രകാരം) | 0 | 12366311 | 12366311 | 12319375 | 46936 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 5077329 | 5077329 | 4894329 | 183000 |
| മെയിന്റനൻസ് - റോഡ് (ACR പ്രകാരം) | 0 | 1861956 | 1861956 | 1796956 | 65000 |
| മെയിന്റനൻസ് - നോൺ-റോഡ് (ACR പ്രകാരം) | 0 | 5691000 | 5691000 | 5637185 | 53815 |
| തൊഴിലുറപ്പ് പദ്ധതി | | | | | |
| ഭരണചെലവുകൾ | 95738 | 2211986 | 2307724 | 2302146 | 5578 |
| തൊഴിലാളികളുടെ കൂലി | 0 | 58462000 | 58462000 | 58462000 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ടോട്ടൽ സാനിറ്റേഷൻ | 95000 | 0 | 95000 | 95000 | 0 |
| പശ്ചിമഘട്ടം | 3116708 | 0 | 3116708 | 188679 | 2928029 |
| ഐ.സി.ഡി.എസ്. | 425336 | 1424931 | 1850267 | 1309815 | 540452 |
| എസ.എസ.എ. | 17674 | 342 | 18016 | 590 | 17426 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| മൃഗസംരക്ഷണ വകുപ്പ് | 56070 | 0 | 56070 | 56070 | 0 |
| ആശ്രയ | 500000 | 87933 | 587933 | 587933 | 0 |
| ശുചിത്വമിഷൻ | 7000 | 73625 | 80625 | 80625 | 0 |
| ജലനിധി | 3368035 | 3035320 | 6403355 | 2677871 | 3725484 |
| സാക്ഷരത | 86874 | 0 | 86874 | 86874 | 0 |

| | | | | | |
|---|---|---|---|---|---|
| കുടിവെള്ളം | 5844 | 0 | 5844 | 5844 | 0 |
| എയിഡ്സ് | 51274 | 2251 | 53525 | 0 | 53525 |
| എം. എൻ. ലക്ഷംവീട് | 1600000 | 0 | 1600000 | 940000 | 660000 |
| ജവഹർ ലോൺ | 1000 | 3000000 | 3001000 | 3000000 | 1000 |
| സംയുക്ത പ്രോജക്ടുകൾ | | | | | |
| ജില്ലാപഞ്ചായത്ത് | 0 | 1500000 | 1500000 | 1500000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 0 | 1900000 | 1900000 | 1900000 | 0 |
| ബി-ഫണ്ട് | 0 | 42124600 | 42124600 | 42124600 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 11466000 | 11466000 | 11466000 | 0 |
| തനത്ഫണ്ട് | | | | | |
| ബാങ്ക് അക്കൗണ്ട്+ക്യാഷ് | 3165558 | 8981605 | 12147163 | 10848197 | 1298966 |
| ട്രഷറി അക്കൗണ്ട് | 5339217 | 11466000 | 16805217 | 19724281 | -2919064 |
| മറ്റിനം | | | | | |
| ഗുണഭോക്തൃവിഹിതം | 136410 | 1454201 | 1590611 | 957813 | 632798 |
| ഡെപ്പോസിറ്റ് | 487186 | 1277848 | 1765034 | 1038148 | 726886 |
| ക്യാഷ് | 71703 | - | - | - | 279583 |

<u>കുറിപ്പ്</u> : –

1. തനത് ഫണ്ട് ബാങ്ക് മുന്നിരിപ്പിൽ ₹96,66,815/- (ക്യാഷ് – ₹71,703/-, ബാങ്ക് ₹3926 125.00+25,742.00+56,43,245.00) നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി നിക്ഷേപിച്ച ₹64,29,554/- (ഡെപ്പോസിറ്റ്- ₹4,87,186/-, ഐ.സി.ഡി.എസ്. – ₹4,25,336/- ഗുണഭോക്തൃവിഹിതം – ₹1,36,410/-, എം. എൻ. ലക്ഷംവീട്-₹16,00,000/-, ശുചിത്വ മിഷൻ – ₹7,000.00+കുടിവെള്ളം – ₹5,844/-, ആശ്രയ – ₹5,00,000/-, മൃഗസംരക്ഷണം-₹56,070/- പശ്ചിമഘട്ടം – ₹31,16,708.00+ടോട്ടൽ സാനിറ്റേഷൻ – ₹95,000/-) കുറവ് ചെയ്തിട്ടുണ്ട്. (9666815.00-6429554.00 = ₹32,37,261/-)

2. തനത് ഫണ്ട് ബാങ്ക് നീക്കിയിരിപ്പിൽ ₹70,66,914/- (ക്യാഷ് - ₹2,79,583/-, ബാങ്ക്- 3103560.00+00+22151.00+32335.00+3629285.00) നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി നിക്ഷേപിച്ച ₹54,88,165/- (ഡെപ്പോസിറ്റ് - ₹7,26,886/-, ഐ.സി.ഡി.എസ്. - ₹5,40,452/- ഗുണഭോക്തൃവിഹിതം - ₹6,32,798/-, എം.എൻ. ലക്ഷംവീട് - ₹6,60,000/-, പശ്ചിമഘട്ടം - ₹29,28,029/-) കുറവ് ചെയ്തിട്ടുണ്ട്. (7066914.00-5488165.00 = ₹15,78,749/-).

3. 28.03.2018ന് ട്രഷറി അക്കൗണ്ടിൽ നിന്നും ₹96,01,053/- സർക്കാർ സഞ്ചിത നിധിയിലേയ്ക്ക് മാറ്റി. 09.04.2018ന് തുക തിരികെ ലഭിച്ചു.

4. 2016-17 ആസ്തി-ബാദ്ധ്യത പത്രികയിലെ ബി-4 ഷെഡ്യൂളിൽ 3203001999 ഹെഡിലെ ബാധ്യതയിൽ (₹16,49,414/-) ₹16,00,000/- എം.എൻ ലക്ഷംവീട് പുനരുദ്ധാരത്തിനുള്ള തുകയും ₹49,414/- എയിഡ്സ് കൺട്രോൾ സൊസൈറ്റിയിൽ നിന്നും ലഭിച്ചതാണ്. 2017-18 ആസ്തി-ബാദ്ധ്യത പത്രികയിലെ ബി-4 ഷെഡ്യൂളിൽ 3203001999 ഹെഡിലെ ബാധ്യതയിൽ (₹7,09,414/-) ₹6,60,000/- എം.എൻ ലക്ഷംവീട് പുനരുദ്ധാരത്തിനുള്ള തുകയും ₹49,414/- എയിഡ്സ് കൺട്രോൾ സൊസൈറ്റിയിൽ നിന്നും ലഭിച്ചതാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 212 | 125999916 | 140 | 65146132 | - | 72 | 66.04 |

2017-18 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 5 കോടി അടങ്കലിൽ 77 പ്രോജക്ടുകൾ സ്പിൽ ഓവറും 7.59 കോടി അടങ്കലിൽ 135 പ്രോജക്ടുകൾ പുതിയതുമാണ്. സ്പിൽ ഓവറിൽ 59 പ്രോജക്ടുകളിലായി 2.18 കോടി രൂപ ചെലവഴിച്ചപ്പോൾ (43.61 ശതമാനം) പുതിയവയിൽ 81 പ്രോജക്ടുകളിലായി 4.33 കോടി രൂപയാണ് (57.01 ശതമാനം) ചെലവഴിച്ചിട്ടുള്ളത്. പദ്ധതി അടങ്കലിന്റെ 51.70 ശതമാനം തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

2017-18 സാമ്പത്തിക വർഷത്തെ പ്രോജക്ടുകളുടെ രൂപീകരണത്തിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 06.05.2017ന് യോഗം ചേർന്ന് പ്രോജക്ട് നിർദേശങ്ങളും ശുപാർശകളും നൽകിയിട്ടുണ്ട്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 18.05.2017ന് പദ്ധതിരേഖയ്ക്കും പ്രോജക്ടുകൾക്കും അംഗീകാരം നൽകി. വികസന സെമിനാർ 17.05.2017നും പദ്ധതി ഗ്രാമസഭകൾ 17.04.2017 മുതൽ 23.04.2017 വരെയുള്ള തീയതികളിലായി ചേർന്നിട്ടുണ്ട്. ഊരുകൂട്ട യോഗം

20.03.2017ന് ചേർന്ന് പദ്ധതി നിർദേശങ്ങൾ നിർദേശിച്ചിട്ടുണ്ട്. ഗുണഭോക്തൃ ഗ്രാമസഭകൾ 09.07.2017 മുതൽ 26.07.2017 വരെ ചേർന്നു. 06.08.2017ലെ 8(1) തീരുമാനപ്രകാരം അന്തിമ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചു. 31.01.2018 ലെ 50/17/ഡി.പി.സി./ഡി.പി.ഒ/ഐ.ഡി.കെ ഉത്തരവ് പ്രകാരം 2017-18 വാർഷിക പദ്ധതിക്ക് അന്തിമാനുമതി ലഭിച്ചു. വർക്കിംഗ് ഗ്രൂപ്പുകളിൽ ഗ്രാമപഞ്ചായത്തിന്റെ പൊതുവായതും വർക്കിംഗ് ഗ്രൂപ്പിന്റെ പരിധിയിൽ വരുന്നതുമായ വിഷയങ്ങളിന്മേൽ ആഴത്തിലുള്ള ചർച്ചകളും നിർദ്ദേശങ്ങളുമുണ്ടായിട്ടില്ല. വിവിധ ഗ്രാമസഭകളിൽ നിന്നും വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നുമുള്ള നിർദേശങ്ങൾ പരിഗണിച്ച് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മറ്റികളും പഞ്ചായത്ത് ഭരണ സമിതിയും ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിക്കണമെന്ന പദ്ധതി മാർഗ്ഗരേഖയിലെ നിർദേശം പാലിച്ചിട്ടില്ല.

പദ്ധതി ആസൂത്രണ രൂപീകരണ പ്രക്രിയകളിൽ അതത് സ്റ്റാന്റിംഗ് കമ്മറ്റികൾ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ഇടപെടലുകൾ നടത്തേണ്ടതാണ്. പദ്ധതി പുരോഗതി വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും വിലയിരുത്തി പ്രോജക്ടുകൾ നടപ്പാക്കുന്നത് ത്വരിതപ്പെടുത്തണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ, ആകെ അടങ്കലിന്റെ 51.70 ശതമാനം തുകയേ ചെലവഴിച്ചിട്ടുള്ളൂ. പ്രോജക്ടുകൾ സമയബന്ധിതമായും സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിലും നടപ്പാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. തുക ചെലവഴിക്കുന്നതിന് പ്രത്യേകം ശ്രദ്ധക്കേണ്ടതാണ്.

പൊതുവിഭാഗത്തിൽ 11.85 കോടിയുടെ 197 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 130 പ്രോജക്ടുകളിലായി 6.13 കോടി രൂപ ചെലവഴിച്ചു. പട്ടികജാതി വിഭാഗത്തിൽ 49.53 ലക്ഷത്തിന്റെ 9 പ്രോജക്ടുകളും പട്ടികവർഗ്ഗ വിഭാഗത്തിൽ 25.05 ലക്ഷത്തിന്റെ 6 പ്രോജക്ടുകളും 2017-18 വർഷം ആവിഷ്കരിച്ചതിൽ പട്ടികജാതി വിഭാഗത്തിൽ 7 പ്രോജക്ടുകളിലായി 24.50 ലക്ഷം രൂപ ചെലവഴിച്ചപ്പോൾ പട്ടികവർഗ്ഗ വിഭാഗത്തിൽ 3 പ്രോജക്ടുകളിലായി 13.28 ലക്ഷം രൂപ ചെലവഴിച്ചു. പട്ടികജാതി വിഭാഗത്തിൽ 66 ശതമാനം പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. വിവിധ മേഖലകളിൽ ആവിഷ്കരിച്ച പ്രോജക്ടുകളുടെയും നടപ്പാക്കിയ പ്രോജക്ടുകളുടെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ഉല്പാദനം | 16 | 9 | 56.25 | 19012960 | 7133716 | 37.52 |
| സേവനം | 102 | 63 | 61.76 | 82242505 | 40125675 | 48.79 |

| | | | | | | |
|---|---|---|---|---|---|---|
| പശ്ചാത്തലം | 94 | 68 | 72.34 | 24744451 | 17886741 | 72.29 |

2017-18 പദ്ധതിയുടെ പ്രസക്ത നിരീക്ഷണങ്ങൾ ചുവടെ കൊടുക്കുന്നു.

* ഗ്രാമപഞ്ചായത്തിലെ പ്രധാന വരുമാനസ്രോതസ് കാർഷിക-മൃഗസംരക്ഷണ മേഖലയാണെന്നിരിക്കെ കേവലം 37.52 ശതമാനം തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

* കാർഷിക മേഖലയിലും മൃഗസംരക്ഷണ മേഖലയിലും 5 പ്രോജക്ടുകൾ വീതം ആവിഷ്കരിച്ചതിൽ 3 വീതം പ്രോജക്ടുകളാണ് നടപ്പാക്കിയത്.

* ആരോഗ്യമേഖലയിൽ ആവിഷ്കരിച്ച പ്രോജക്ടുകൾ മുഴുവൻ നടപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്. എന്നാൽ, ഹോമിയോ ആശുത്രിക്ക് മരുന്ന് വാങ്ങുന്നതിന് 2 ലക്ഷം രൂപ ഹോംകോയിൽ നിക്ഷേപിച്ചിട്ടും നാളിതുവരെ മരുന്നുകൾ ലഭിച്ചില്ല.

* 22 അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾക്കായി പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 11 എണ്ണം നടപ്പാക്കി.

* പമ്പ്സെറ്റ് വിതരണം, മുട്ടക്കോഴി വിതരണം, പാലിയേറ്റീവ് കെയർ, വീട് പുനരുദ്ധാരണം, ആശ്രയ ഗുണഭോക്താക്കൾക്ക് കട്ടിൽ, വയോജന പരിപാലനം, ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ, സ്കോളർഷിപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി, സൈക്കിൾ, പെൺകുട്ടികൾക്ക് ഷീപാഡ്, വിവിധ റോഡ് കോൺക്രീറ്റിംഗ് പ്രോജക്ടുകൾ എന്നിവ നടപ്പാക്കിയിട്ടുണ്ട്.

* 39 അംഗൻവാടികളുടെ വയറിംഗ് പൂർത്തീകരിച്ച് പത്ത് മാസം കഴിഞ്ഞിട്ടും കറന്റ് കണക്ഷൻ ലഭിച്ചിട്ടില്ല.

* പഞ്ചാത്തലമേഖലയുടെ വികസനത്തിന് ആവിഷ്കരിച്ച പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല.

* ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി തുക കുടംബശ്രീക്ക് കൈമാറിയെങ്കിലും ഭവന നിർമാമാണം ആരംഭിച്ചിട്ടില്ല.

* ഉറവിട മാലിന്യസംസ്കരണം, ഗാർഹിക ബയോഗ്യാസ് പ്ലാന്റ്, പ്ലാസ്റ്റിക്ക് നിർമാർജനത്തിനായി ആവിഷ്കരിച്ച ഭൂമിക്കൊരു കരുതൽ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന് സ്ഥലം, തെങ്ങ് വിതരണം എന്നീ പ്രോജക്ടുകൾ ആവിഷ്കരിച്ചെങ്കിലും നടപ്പാക്കിയില്ല.

* റോഡ് നിർമ്മാണ പ്രവർത്തികൾ കോൺക്രീറ്റിംഗിൽ അവസാനിപ്പിച്ചിരിക്കുന്നു.

## **1-7** <u>തൊഴിലുറപ്പ് പദ്ധതി</u>

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 95738 | 2211986 | 2307724 | 2302146 | 5578 |
| തൊഴിലാളികളുടെ കൂലി | 0 | 58462000 | 58462000 | 58462000 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24000 | 20 |
| കർഷക തൊഴിലാളി പെൻഷൻ | 7005000 | 654 |
| വിധവാപെൻഷൻ | 8134600 | 788 |
| വാർദ്ധക്യകാല പെൻഷൻ | 29973600 | 2563 |
| വികലാംഗ പെൻഷൻ | 3568900 | 335 |
| അവിവാഹിത പെൻഷൻ | 238500 | 28 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.01.2019 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹5,292/-യുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ജോലി വിഭജനം ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ മോണിറ്ററിംഗ് നടക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും പദ്ധതി ആസൂത്രണ ഗ്രാമസഭകൾ ചേരുകയും 2017-18 പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പ്രോജക്ടുകൾക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി പ്രത്യേക ഗ്രാമസഭാ യോഗങ്ങൾ ചേർന്നിട്ടുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാ മാസവും യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും മുൻ മാസത്തെ വരവ് ചെലവുകൾ അവതരിപ്പിച്ച് അംഗീകരിച്ചിട്ടുണ്ട്. വസ്തുനികതി പിരിവ് കാര്യക്ഷമമാക്കണമെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നിർദേശങ്ങൾ നൽകിയിട്ടുണ്ട്. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് എല്ലാ വർഷവും പരിശോധിച്ച് കാലികമാക്കേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികൾ അതത് വിഷയ മേഖലകളിൽ ചർച്ചകൾ നടത്തേണ്ടതും ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതുമാണ്.

വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, ഡെപ്പോസിറ്റ് രജിസ്റ്റർ, സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ, പ്രൊക്യൂർമെന്റ് കമ്മറ്റി മിനിട്സ് എന്നിവ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ രേഖപ്പെടുത്തലുകളും നടത്തുന്നില്ല. ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററുകൾ കൃത്യമായി എഴുതി പരിപാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇന്ററപ്റ്റഡ് രസീതുകൾ യഥാസമയം പോസ്റ്റ് ചെയ്യേണ്ടതാണ്.

അഡ്വാൻസ് രജിസ്റ്റർ, അക്വിറ്റൻസ് രജിസ്റ്റർ, സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ, ബിൽ രജിസ്റ്റർ, ലോൺ രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ എന്നിവ തൃപ്തികരമായി പരിപാലിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2018 | 2018 ഒക്ടോബർ<br>മുതൽ<br>2018 ഓഗസ്റ്റ് വരെ | 01.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ<br>ഓഡിറ്റ് | 22.01.2018-31.01.2018 | 2012-13 മുതൽ<br>2016-17 വരെ | 07.03.2018 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

29.08.2018ന് പുറപ്പെടുവിച്ച കെ.എസ്.എ.-ഐ.ഡി.കെ.2/677/2018(40), തീയതി. 2017-18 വാർഷിക കണക്കുകളുടെ സാക്ഷ്യപത്രത്തിലെ അപാകതകളിൽ ക്രമ നം. 2, 3, 6 ഒഴികെയുള്ള താഴെ പറയുന്നവ പരിഹരിച്ചിട്ടില്ല.

1. വസ്തുനികുതി സഞ്ചയ-സാംഖ്യ കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

2. പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്ന തുകകൾക്ക് പ്രൊവിഷൻ കൊടുത്തിട്ടില്ല.

3. ഡിപ്രിസിയേഷൻ നൽകിയിട്ടുണ്ടെങ്കിലും കാൽക്കുലേഷൻ പത്രികയില്ല.

4. നിർവ്വഹണ ഉദ്യോഗസ്ഥർ ടി.ആർ.7A ക്യാഷ്ബുക്ക് ഉപയോഗിക്കുന്നില്ല (പഞ്ചായത്ത് ഫണ്ട് രേഖപ്പെടുത്താൻ).

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കമ്പിളികണ്ടം ഷോപ്പിംഗ് കോംപ്ലക്സ് വാടക - അപാകതകൾ

വാടക രജിസ്റ്റർ പ്രകാരം കമ്പിളികണ്ടം ഷോപ്പിംഗ് കോംപ്ലക്സിൽ 33 മുറികൾ ഉള്ളതായും ഇതിൽ 14 മുറികൾക്ക് വാടക ലഭിക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റ് മുറികളുടെ വാടകയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2006 ഫെബ്രുവരി മുതൽ 5 മുറികൾ കെ.എസി.ഇ.ബി.-യ്ക്ക് വാടകയ്ക്ക് നൽകിയിട്ടുള്ളതായും നാളിതുവരെ വാടക ലഭിച്ചിട്ടില്ല എന്നും ഫയലിൽ കാണുന്നു. ഈ മുറികൾക്ക് നിലവിൽ വാടക ലഭിക്കുന്നില്ല. 16.02.2017,

19.07.2017 തീയതികളിൽ നം. എ4-625/16 കത്ത് പ്രകാരം എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയർക്ക് പ്രസ്തുത കെട്ടിടങ്ങളുടെ വാടക നിശ്ചയിച്ച് നൽകുന്നതിന് ആവശ്യപ്പെട്ടതായി ഫയലിൽ കാണുന്നു. എന്നാൽ നാളിതുവരെ വാടക നിശ്ചയിച്ചത്, കെ.എസ്.ഇ.ബി.-യെ അറിയിച്ചതായി കാണുന്നില്ല. ഇക്കാര്യത്തിൽ, അടിയന്തിര ശ്രദ്ധ പതിക്കേണ്ടതാണ്.

2. മുറി നം. 751 സ്ഥലം ഓണർക്ക് എന്ന് രേഖപ്പെടുത്തി വാടക ഈടാക്കുന്നില്ല.

3. മുറി നം. 766 വാടകയില്ലാതെ പ്രവർത്തിക്കുന്നു.

4. 13 മുറികൾ വാടകയ്ക്ക് നൽകാതെ ഒഴിവായി കിടക്കുന്നു.

5. 2017-18-ൽ മുറി നം. 765-ന് പ്രതിമാസം ₹642/- പ്രകാരം 6 മാസം ₹3,852/-, മുറി നം. 753-ന് ₹753/- വീതം 12 മാസം ₹90,36/- ആകെ ₹12,888/- വാടകയിനത്തിൽ ലഭിക്കാനുണ്ട്. ഈ തുക പിരിച്ചെടുത്തതിന്റെ അല്ലെങ്കിൽ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽനികുതി - അപാകതകൾ

2017-18-ൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന്/ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | തൊഴിൽനികുതി രജിസ്റ്ററിലെ പേജ് നം. | അർദ്ധവർഷം |
|---|---|---|---|
| ജീവനക്കാരുടെ തൊഴിൽ നികുതി | | | |
| 1 | അസി. എൻജിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ് | 7 | II |
| 2 | സുബാൻശ്രീ ഹോസ്പിറ്റൽ | 35 | II |
| 3 | സബ് പോസ്റ്റോഫീസ്, മുള്ളരിക്കുടി | 48 | II |
| 4 | സബ് പോസ്റ്റോഫീസ്, മങ്കുവ | 49 | II |
| 5 | സബ് പോസ്റ്റോഫീസ്, പണിക്കൻകുടി | 57 | II |

| | | | |
|---|---|---|---|
| 6 | ശ്രീനാരായണകോളേജ് ആർട്ട് & സയൻസ്, പാറത്തോട് | 69 | I & II |
| 7 | കൃഷിഭവൻ, പാറത്തോട് | 70 | I |
| | സ്ഥാപനങ്ങളുടെ തൊഴിൽനികുതി | | |
| 1 | താലൂക്ക് കാർഷിക വികസന ബാങ്ക്, കമ്പിളികണ്ടം | 24 | I & II |
| 2 | SBI, പാറത്തോട് | 25 | I & II |
| 3 | ഇസാഫ്, പാറത്തോട് | 53 | I & II |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 2, തീയതി : 17.01.2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ഡി. & ഒ. ലൈസൻസ് - അപാകതകൾ

2017-18 വർഷത്തെ വസ്തുനികുതിയുടെ സഞ്ചയ സോഫ്റ്റവെയർ പ്രകാരം 1178 കെട്ടിട നമ്പരുകൾ വാണിജ്യ സ്ഥാപനങ്ങൾക്കായി നൽകിയതായി കാണുന്നു. എന്നാൽ D & O ലൈസൻസ് രജിസ്റ്റർ പ്രകാരം 285 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ഒരു വാണിജ്യ സ്ഥാപനത്തിന് ഒന്നിലധികം നമ്പരുള്ള മുറികൾ ഉണ്ടാകാമെന്നതും കടമുറികൾ ഒഴിവായി കിടക്കാനുള്ള സാധ്യതയും നിലനിൽക്കുമെങ്കിലും സ്ഥാപനങ്ങളുടെ എണ്ണത്തിൽ 893 കെട്ടിടങ്ങളുടെ വ്യത്യാസം വന്നതിൽനിന്നും പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല എന്ന് കാണുന്നു. ആയതിന് കാരണം വിശദമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആട് വിതരണ പദ്ധതി - അധിക തുക ചെലവഴിച്ചു

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ആട് വിതരണ പദ്ധതിക്കുവേണ്ടി വികസനഫണ്ടിൽ നിന്നും ₹1,70,000/-യും (ബിൽ നം. 4/17-18, 31-03-18) ഗുണഭോക്തൃവിഹിതം ₹1,65,000/-യും (ചെക്ക് നം. 2050637/27-03-18) ചെലവഴിച്ചിട്ടുണ്ട്. യൂണിറ്റ് കോസ്റ്റ് ₹5,000/- എന്ന് നിശ്ചയിച്ച് 50% വികസന

ഫണ്ടും 50% ഗുണഭോക്തൃവിഹിതവും ചെലവഴിക്കാനായിരുന്നു തീരുമാനിച്ചിരുന്നത്.

പദ്ധതി നടത്തിപ്പിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. 400 ആട്ടിൻകുട്ടികളെ വിതരണം ചെയ്യാൻ പ്രൊജക്ട് ആവിഷ്കരിച്ചെങ്കിലും കേവലം 68 ആട്ടിൻ കുട്ടികളെ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. 144 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കിയ ശേഷം 34 ഗുണഭോക്താക്കൾക്ക് മാത്രമാണ് ആടിനെ ലഭ്യമാക്കിയിരിക്കുന്നത്. പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം 110 ഗുണഭോക്താക്കൾക്ക് ഗുണഭോക്തൃവിഹിതം തിരികെ നൽകിയിരിക്കുന്നു. ഉല്പാദന മേഖലയിൽ ആവിഷ്കരിച്ച പദ്ധതി ഗുണഭോക്താക്കളുടെ സഹകരണം ഉണ്ടായിട്ടും ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്ത് ആസൂത്രണം നടത്തിയ പദ്ധതികൾ ലക്ഷ്യം കൈവരിക്കാൻ പര്യാപ്തമാകത്തക്ക വിധത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

2. ലഭ്യമായ രണ്ട് ആടുകളിൽ ഒരെണ്ണം ചത്തുപോയതിനാൽ ശ്രീമതി. കൗസല്യ ഗോപാലകൃഷ്ണൻ എന്ന ഗുണഭോക്താവിന് ₹5,000/- (ചെക്ക് നം.21240/31-03-18) തിരികെ നൽകിയിരിക്കുന്നു (₹5,000/- കുറച്ചുള്ള തുകയാണ് ഗുണഭോക്തൃവിഹിതമായി വിതരണസ്ഥാപനത്തിന് നൽകിയിട്ടുള്ളത്). രണ്ട് ആടുകൾക്കുവേണ്ടി ഗുണഭോക്തൃ വിഹിതമിനത്തിൽ ടിയാൾ ഒടുക്കിയിട്ടുള്ളത് ₹5,000/-യാണ്. ഫലത്തിൽ 67 ആടുകൾക്കായി (67x2500) ₹1,67,500/- ചെലവഴിക്കാമെന്നിരിക്കെ വികസനഫണ്ടിൽ നിന്നും ₹1,70,000/- ചെലവഴിച്ചിരിക്കുന്നു. അധികമായി ചെലവഴിച്ച ₹2,500/- ഓഡിറ്റിൽ നിരാകരിക്കുന്നു. തുക സർക്കാരിലേക്ക് തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

3.ടെണ്ടർ മുഖേന നടപ്പാക്കിയ പദ്ധതിയിൽ 4 വ്യക്തികൾ പങ്കെടുത്തിരുന്നു. അവർ ഒരു ആട്ടിൻകുട്ടിക്ക് രേഖപ്പെടുത്തിയ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| പേര് | രേഖപ്പെടുത്തിയ നിരക്ക് |
|---|---|
| ലിനോ എൽദോസ്, അടിമാലി | ₹4,250/- |
| സിയാദ് എ., കൊച്ചി | ₹4,800/- |
| ഷംനാദ് എ., കൊല്ലം | ₹4,200/- |
| അരുൺ പി., കൊല്ലം (അൽ മദീന ഗോട്ട് ഫാം) | ₹4,700/- |
| എൻ. പി. ചാക്കൊ, അണക്കര | ₹5,000/- |

ആറംഗങ്ങളുള്ള പർച്ചേസ് കമ്മിറ്റിയുടെ 14-11-2017ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത തീയതിയിലെ ജനറൽ കമ്മിറ്റിയുടെ 5-ാം നമ്പർ തീരുമാനപ്രകാരം അൽ മദീന ഗോട്ട് ഫാമിൽ നിന്നും ₹5,000/- നിരക്കിൽ ആടുകളെ വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തി. അൽ മദീന ഗോട്ട് ഫാം ക്വാട്ടു ചെയ്ത നിരക്ക് ₹4,700/- ആയിരിക്കെ ₹5,000/- നിരക്കിൽ വില നൽകിയിരിക്കുന്നു. ചത്തുപോയ ഒരാടിന്റെ വില കിഴിച്ച് ബാക്കി 67 ആടുകൾക്കായി ₹3,14,900/-(4700x67) ചെലവഴിക്കാമെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ നിന്നും ₹5,000/- പ്രകാരം ₹3,32,500/- (വികസന ഫണ്ട് – 167500+165000 – ഗുണഭോക്തൃവിഹിതം) ചെലവഴിച്ചിരിക്കുന്നു. അധികമായി ചെലവഴിച്ച ₹17,600/- ഓഡിറ്റിൽ നിരാകരിക്കുന്നു.

പ്രസ്തുത തുക നിർവ്വഹണ ഉദ്യോഗസ്ഥയുൾപ്പെടെയുള്ള പർച്ചേസിംഗ് കമ്മിറ്റി അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കേണ്ടതും ₹10,050/- വികസന ഫണ്ടിലേക്ക് ഒടുക്കേണ്ടതും ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത് അധികമായി ചെലവഴിച്ച ₹7,550/- ഗുണഭോക്താക്കൾക്ക് തിരികെ നൽകുകയോ, പഞ്ചായത്തിലേക്ക് മുതൽ കൂട്ടുകയോ ചെയ്യേണ്ടതാണ്. ഖണ്ഡിക നം. 2ൽ പരാമർശിച്ചിട്ടുള്ള ₹2,500/- നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 അസിസ്റ്റന്റ് എഞ്ചിനിയരുടെ അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു

നോൺ-ബാങ്കിംഗ് ട്രഷറി മുഖേന പദ്ധതി പണമിടപാടുകൾ നടത്തേണ്ടി വരുന്ന നിർവഹണ ഉദ്യോഗസ്ഥർക്ക് ആയിരം രൂപയ്ക്ക് മുകളിലുള്ള വിനിമയങ്ങൾ ഡി.ഡി മുഖേനയാക്കുന്നതിന് ദേശസാത്കൃത ബാങ്കിൽ അക്കൗണ്ട് തുറക്കുവാൻ സർക്കാർ അനുവാദം നൽകിയിരുന്നു (ധനകാര്യവകുപ്പിന്റെ 12.04.2006-ലെ ജി.ഒ.(പി) 177/2006 നമ്പർ ഉത്തരവ് കാണുക). സർക്കാർ ധനം പിൻവലിച്ച് പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ പരമാവധി 30 ദിവസംവരെ മാത്രമാണ് നിലനിർത്താവുന്നത്. ഒരു മാസത്തിന് ശേഷം വിനിയോഗിക്കാതെ ശേഷിക്കുന്ന തുക പ്രസ്തുത സാമ്പത്തിക വർഷം തന്നെ തിരിച്ചടയ്ക്കുന്നപക്ഷം പിൻവലിച്ച അതേ അക്കൗണ്ടിലേക്കും സാമ്പത്തിക വർഷത്തിന് ശേഷമാണെങ്കിൽ സർക്കാരിന്റെ സഞ്ചിതനിധിയിലേക്കും തിരിച്ചടയ്ക്കണമെന്നായിരുന്നു 2015 മാർച്ച് 31വരെ നിലനിന്ന വ്യവസ്ഥ. ഈ നിബന്ധനയനുസരിച്ച് പ്രസ്തുത അക്കൗണ്ടിൽ ശേഷിക്കാവുന്ന പരമാവധി തുക അക്കൗണ്ട് തുറക്കാൻ ചെലവഴിച്ച ₹500/- മാത്രമാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എൻജിനീയർ മേൽ പ്രസ്താവിച്ച ആവശ്യത്തിന് ആരംഭിച്ച അക്കൗണ്ടിൽ ഗണ്യമായ തുക നിലനിർത്തിയിട്ടുണ്ട്.

| ബാങ്ക് ശാഖ | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് ₹ | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|
| SBI വെള്ളത്തൂവൽ ശാഖ | 31009790689 | 3,29,721 | 12.03.2018 വരെയുള്ള രേഖപ്പെടുത്തലുകൾ പ്രകാരം |

നിലവിൽ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ സമ്പ്രദായം മുഖേന (NEFT, EFMS) പണമിടപാടുകൾ നടത്തുന്നതിനാൽ പ്രസ്തുത അക്കൗണ്ട് തുടർന്നും നിലനിർത്തേണ്ട ആവശ്യമില്ലാത്തതാണ്. നിർജ്ജീവമായ സ്വകാര്യ അക്കൗണ്ടിൽ ദീർഘകാലം സർക്കാർ ധനം സൂക്ഷിക്കുന്ന നടപടി ഏറെ ക്രമക്കേടുകൾക്ക് വഴിവെയ്ക്കുമെന്നതിനാൽ അത് അടിയന്തിരമായി ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-3 അംഗണവാടികൾക്ക് വയറിംഗ് - പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല

| | |
|---|---|
| പ്രോജക്റ്റ് /പ്രോജക്റ്റ് നം. | അംഗണവാടികൾക്ക് വയറിംഗ് – 174/17-18 |
| ബിൽ നം./തീയതി/തുക | 21/17-18/29.07.2017. ₹12,68,082/- |
| അടങ്കൽ തുക | ₹13,34,913/- |
| എം. ബുക്ക് നം. | 13/17-18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനിയർ |

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള 39 അംഗണവാടികൾക്ക് വയറിംഗ് ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. വയറിംഗ് പ്രവൃത്തികൾ 26.05.2017ൽ ആരംഭിക്കുകയും 28.06.2017ൽ പൂർത്തീകരിക്കുകയും മേൽ സൂചിത ബിൽ പ്രകാരം ₹12,68,082/- പിൻവലിച്ച് കരാറുകാരന് നൽകുകയും ചെയ്തു. എന്നാൽ വയറിംഗ് പ്രവൃത്തികൾ നടത്തിയ 39 അംഗണവാടികളിലും നാളിതുവരെയായിട്ടും വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ആവശ്യമായ തുക പ്രോജക്ടിൽ ഉൾപ്പെടുത്താത്തതിനാൽ തുടർന്നുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-4 സോളിംഗിന് മാത്രമായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിരിക്കുന്നു

റോഡ് നിർമ്മാണ വേളയിൽ സോളിംഗിന് മാത്രമായി പ്രത്യേക പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കരുതെന്ന് സർക്കാർ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിലൂടെ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ടുകൾ സോളിംഗിന് വേണ്ടി മാത്രം ആവിഷ്കരിച്ചതായികാണുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് & നമ്പർ | ബിൽ നം./തീയതി തുക ₹ |
|---|---|---|

| | | |
|---|---|---|
| 1 | ഇഞ്ചപ്പതാൽ-പനംകുട്ടി റോഡ് സോളിംഗ് 167/17 | 71/17-18/19-01-18<br>₹4,88,529/- |
| 2 | പി.സി.കവല നാട്ടകാണി പുരയിടം സിറ്റി റോഡ് പുനരുദ്ധാരണം - 112/17 | 54/17-18/06.01.18<br>₹3,61,547/- |
| 3 | പുളിക്കപ്പടി-അമ്പാറപ്പടി-ഇരുമലക്കപ്പ് റോഡ് പുനരുദ്ധാരണം – 147/17 | 102/2017-1/<br>31.03.2018,<br>₹2,44,732/- |

സോളിംഗിന് മാത്രമായി പ്രത്യേക പ്രോജക്ട് ആവിഷ്കരിക്കാതെ, ടാറിംഗ് വേലകൾ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിക്കത്തക്ക വിധത്തിൽ പ്രോജക്ടുകൾ നടപ്പാക്കി തുടർ വർഷങ്ങളിലുണ്ടാകാവുന്ന അധിക ചെലവുകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 കാലി വീപ്പയുടെ വില ഈടാക്കിയിട്ടില്ല

2014-ലെ ഡി.എസ്.ആർ. പ്രകാരം, റോഡ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സീൽഡ് ബിറ്റുമിന്റെ നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നപക്ഷം കാലി ബാരലിന്റെ നികുതി ഉൾപ്പെടെയുള്ള വില കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ് എന്നാൽ സീൽഡ് ബിറ്റുമിൻ ഉപയോഗിച്ച് 2017-18-ൽ പൂർത്തിയാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ ബില്ലിൽ നിന്ന് ബാരൽ വില ഈടാക്കാതെയാണ് കരാറുകാർക്ക് പ്രതിഫലം നൽകിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ബിൽ നം./ തീയതി/തുക ₹ | ബാരലിന്റെ എണ്ണം | ഈടാക്കേണ്ട തുക ₹ | ഈടാക്കാൻ അവശേഷിക്കുന്ന തുക ₹ |
|---|---|---|---|---|
| പാറത്തോട് സ്കൂൾപടി പീടികപ്പടി റോഡ് ടാറിംഗ് 76/17-18 | 19/17-18<br>₹4,94,797/-<br>29.07.18 | 9 | വില@236/ ബാരൽ<br>2124<br>ജി.എസ്.ടി-18%<br>₹382/- | 2506 |
| കുരിശിങ്കൽ-ചെമ്പകപ്പാറ റോഡ് ടാറിംഗ്. 27/17-18 | 29/17-18<br>തീ.27.09.17<br>₹4,94,975/- | 28 | വില@236/ ബാരൽ<br>₹6,608/-<br>ജി.എസ്.ടി-18%<br>1189/-ആകെ ₹7,797/- | 7797 |

| | | | | |
|---|---|---|---|---|
| മരക്കാനം മാങ്ങാപ്പാറ റോഡ് ടാറിംഗ് 62/17-18 | 90/17-18/ 17.02.2018 ₹4,63,051/- | 9 | വില@236/ ബാരൽ 2124 ജി.എസ്.ടി-18% ₹382/- | 2506 |
| ആകെ | | | | ₹12,809/- |

ഈടാക്കുവാൻ അവശേഷിക്കുന്ന തുക ₹12,809/- ഉത്തരവാദികളായ കോൺട്രാക്ടർ/കൺവീനറിൽ നിന്നും ഈടാക്കിയോ ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-6 മുതിർന്ന പൗരൻമാർക്ക് ആയുർവേദ മെഡിക്കൽ ക്യാമ്പ് - അനുവദനീയമല്ലാത്ത പദ്ധതി

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| പ്രോജക്റ്റ് നം. | 17/17-18 | |
| ബിൽ നം. | 8/17-18/19.08.2017 | ₹6,134/- |
| | 25/17-18/28.03.2018 | ₹28,370/- |
| ആകെ | | ₹34,504/- |

മേൽ പദ്ധതി പ്രകാരം ചെലവ് ചെയ്ത ₹34,504/-യിൽ ₹17,000/- 4 സ്ഥലങ്ങളിലായി മെഡിക്കൽ ക്യാപ് നടത്തിയതിന് വിവധ ഡോക്ടർമാർക്ക് ഹോണറേറിയത്തിനും ഭക്ഷണത്തിനുമായി ₹6,000/- ചെലവഴിച്ചിരിക്കുന്നു. ബാക്കി തുക വാഹനക്കൂലി, സ്റ്റേഷനറി തുടങ്ങിയ ഇനങ്ങളിൽ ചെലവഴിച്ചിരിക്കുന്നു സ.ഉ(എം.എസ്)നം.80/2017/ തസ്വഭവ/തീ. 30.04.17 ഖണ്ഡിക 12-7 പ്രകാരം വിദൂര പ്രദേശങ്ങളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ മെഡിക്കൽ ക്യാമ്പുകൾ ഒഴികെയുള്ള മറ്റ് മെഡിക്കൽ ക്യാമ്പുകൾ അനുവദനീയമല്ല. മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പദ്ധതി നടപ്പാക്കിയതിനാൽ ഈ പദ്ധതിയുടെ ചെലവ് അംഗീകരിക്കുന്നില്ല. പ്രസ്തുത ₹34,504/- ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 ആശ്രയ പദ്ധതി - നടപ്പാക്കിയില്ല

ആശ്രയ ഭവന പദ്ധതിയ്ക്കായി താഴെപ്പറയുന്ന ബിനിർവഹണ ഉദ്യോഗസ്ഥർ 16 ലക്ഷം പിൻവലിച്ച് കുടുംബശ്രീയ്ക്ക്

കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ/ പദ്ധതി നം. | തുക പിൻവലിച്ച ബിൽ നം. | തുക ₹ |
|---|---|---|
| സെക്രട്ടറി, ആശ്രയ ഭവന പദ്ധതി (SO000/18) | 10/17-18/29.10.17 | 8,00,000 |
| അസി. സെക്രട്ടറി, ആശ്രയ ഭവന പദ്ധതി (SO021/18) | 13/17-18/28.10.17 | 4,00,000 |
| | 14/17-18/28.10.17 | 4,00,000 |
| | ആകെ | 16,00,000 |

അടിയന്തിരമായി തുക ആശ്രയ ഭവന പദ്ധതിയ്ക്കായി ചെലവഴിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പ്രസ്തുത തുക ചെലവഴിക്കാൻ സാധ്യതയില്ലാത്തപക്ഷം തിരികെ ഈടാക്കേണ്ടതാണ്.

## 3-8 ഔഷധങ്ങൾ ലഭ്യമായിട്ടില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി മരുന്നുകൾ വാങ്ങുന്നതിനുവേണ്ടി ₹2,00,000/- (ബിൽ നമ്പർ 1/17-18,തീയതി 26-10-2017) ഹോംകോ-യിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-9 തൊഴിലുറപ്പ് പദ്ധതി - അവലോകനം

തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18ൽ 116 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. 18 കുടുംബങ്ങളുടെ തൊഴിൽ കാർഡ് റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. 5165 കുടുംബങ്ങൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലിന് അപേക്ഷിക്കുകയും 6636 കാർഡുകളിലായി 233242 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു. 2017-18-ൽ 355 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

## 3-10 അക്ഷയ സെൻറർ - പഞ്ചായത്ത് ഓഫീസിനുള്ളിൽ പ്രവർത്തിക്കുന്നു

ഒരു കുടുംബത്തിലെ ഒരാൾക്കെങ്കിലും കമ്പ്യൂട്ടർ പരിശീലനം നൽകി ഐ.ടി. സാക്ഷരനാക്കുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച അക്ഷയ സെൻ്ററുകളുടെ പ്രവർത്തനം ഇപ്പോൾ കൂടുതൽ വിപുലമാക്കിയിരിക്കുന്നു. പൊതുജനങ്ങൾക്കാവശ്യമായ നിരവധി സേവനങ്ങൾ അക്ഷയ സെൻ്ററുകൾ വഴി സേവനങ്ങൾ ഇപ്പോൾ ലഭിക്കുന്നുണ്ട്.

അടിസ്ഥാനസൗകര്യങ്ങൾ, ഇന്റർനെറ്റ്, ടെലഫോൺ തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കേണ്ടത് സംരംഭകർ തന്നെയാണ്. വാടക, കറണ്ട് ചാർജ്ജ്, ഫോൺ, പരിശീലകർക്കുള്ള പ്രതിഫലം തുടങ്ങി കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള എല്ലാ ചെലവുകളും വഹിക്കേണ്ടതും സംരംഭകർ ആണ്. എന്നാൽ കൊന്നത്തടി ഗ്രാമപഞ്ചായത്ത് ഓഫീസിനോട് ചേർന്ന് പ്രവർത്തിക്കുന്ന അക്ഷയസെന്ററിന് വാടക ഈടാക്കുന്നില്ല എന്നുമാത്രമല്ല, കറണ്ട് ചാർജ്ജ്, ഇന്റർനെറ്റ് സൗകര്യം എന്നിവയും പഞ്ചായത്തിന്റെ ചെലവിലാണ് നൽകുന്നത്.

ഫീസ് ഈടാക്കികൊണ്ട് സേവനം നൽകുന്ന സ്ഥാപനത്തിന് വാടകയും കറണ്ട് ചാർജ്ജും ടെലഫോൺചാർജ്ജും ഈടാക്കാതെ ഓഫീസിനുള്ളിൽ തന്നെ സൗകര്യം നൽകിയിരിക്കുന്നു. വർഷങ്ങളായി മുറി അക്ഷയസെന്റർ പഞ്ചായത്ത് ഓഫീസിൽ തന്നെയാണ് പ്രവർത്തിക്കുന്നത് എങ്കിലും സംരംഭകനുമായി പഞ്ചായത്ത് കരാർ ചമച്ചിട്ടുള്ളതായി കാണുന്നില്ല. നാളിതുവരെയുള്ള വാടക, കറണ്ട് ചാർജ്ജ്, ഇന്റർനെറ്റ് ചാർജ്ജ് എന്നീ ഇനത്തിൽ പഞ്ചായത്തിന് വൻ തുകയുടെ നഷ്ടം സംഭവിച്ചിരിക്കുന്നു. പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുന്നതിന് സൗകര്യം ചെയ്ത് നൽകുന്നതിന് പകരം സ്വകാര്യ സംരഭകന് പഞ്ചായത്ത് ഓഫീസിനുള്ളിൽ പ്രവർത്തിക്കാൻ അനുമതി നൽകുന്നത് ക്രമപ്രകാരമുള്ള നടപടിയല്ല. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നികുതി ഒടുക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നം. | എ.ഡി.എസ്. കെട്ടിടം അറ്റകുറ്റപ്പണി-(വാർഡ്-14)158/17-18 |
| ബിൽ നം./തുക/തീയതി | 10/17-18/30.06.17, ₹70,112/- |
| ബിൽ നം/തുക/തീയതി | 65/16-17/31.03.17, ₹1,00,000/- |
| അടങ്കൽ തുക | ₹2,00,000/- |
| ആകെ പ്രവൃത്തി മൂല്യം | ₹1,80,969/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |

വാർഡ് 14ലെ എ.ഡി.എസ്. കെട്ടിടം അറ്റകുറ്റപ്പണി നടത്തുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണിത് (സ്പിൽ ഓവർ). പദ്ധതിയ്ക്ക് വേണ്ടി മേൽ സൂചിത ബില്ലുകൾ പ്രകാരം ₹1,70,112/- പിൻവലിച്ച് താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനികുതി ഇനത്തിൽ ഒടുക്കേണ്ട ₹1.809/- അടവാക്കിയിട്ടില്ല.

| | |
|---|---|
| കോൺട്രാക്ടർ | ₹1,61,064 |
| വാറ്റ് | ₹9,048 |
| ആകെ | ₹1,70,112 |

എം. ബുക്ക് പ്രകാരം കുറവ് വരുത്തിയ തുക

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | ₹1,80,969 |
| (-) വാറ്റ് | ₹9,048 |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി – 1% | ₹1,809 |
| ആകെ | ₹1,70,112 |

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനികുതി ഇനത്തിൽ 1% തുക ₹1,809/- കുറവ് വരുത്തിയാണ് ബില്ല് വാങ്ങിയിരിക്കുന്നത്. തുക ഒടുക്കേണ്ടതും ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-12 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

13.01.2010 ലെ സർക്കുലർ നമ്പർ 58608/ഡി.ബി.2/2009/ത.സ്വ.ഭവ പ്രകാരം ആസ്തി രജിസ്റ്ററുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിയ്ക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ് നുകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യ സംസ്കരണം, ജംഗമ വസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ

നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാണ്. ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററുകൾ നാളിതുവരെ പുതുക്കി സർക്കാർ സർക്കുലറിൽ പറഞ്ഞ പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 2017-18ൽ ₹3,69,140/- വൈദ്യുതി വകുപ്പിൽ ഒടുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ ഇനം, തരം, എണ്ണം, പ്രവർത്തിക്കുന്നവ, പ്രവർത്തിക്കാത്തവ തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ വിശദാംശങ്ങളും രേഖപ്പെടുത്തിയിട്ടില്ല. വൈദ്യുതി ബോർഡുമായി സംയുക്ത പരിശോധന നടത്തി വിവരങ്ങൾ കൃത്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 12.06.2017, 05.02.2018 തീയതികളിലെ നിർദ്ദേശങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. അടിയന്തിരമായി സംയുക്ത പരിശോധന നടത്തി, പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകൾക്ക് മാത്രമേ തുക അടവാക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-14 ക്ഷേമ പെൻഷൻ അപേക്ഷ രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപെൻഷനുകൾ അനുവദിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിനായി പരിപാലിക്കുന്ന രജിസ്റ്ററുകൾ എല്ലാ കോളങ്ങളും രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കുന്നില്ല. അതിനാൽ, അപേക്ഷകളിന്മേലൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും സാധിക്കുന്നില്ല. പെൻഷൻ അപേക്ഷകൾ സംബന്ധിച്ച രജിസ്റ്ററുകളിൽ നിലവിൽ അപേക്ഷകന്റെ പേരും വിലാസവും അപേക്ഷ തീയതിയും മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. സ്വീകരിച്ച അപേക്ഷ പരിശോധനയ്ക്കായി ഫീൽഡ് തല ഉദ്യോഗസ്ഥന് നൽകുന്നത്, ഫീൽഡുതല ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ലഭിച്ച തീയതി, അപേക്ഷയിന്മേൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ച തീയതി തീരുമാനം, പഞ്ചായത്ത് കമ്മറ്റി പരിഗണിച്ച തിയതി, തീരുമാനം എന്നിവ രേഖപ്പെടുത്തുന്നില്ല. അപേക്ഷകന് പെൻഷൻ ലഭിക്കുവാൻ തുടങ്ങിയ തിയതിയും അപേക്ഷ നിരസിച്ചുവെങ്കിൽ അതിനുള്ള കാരണവും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. പെൻഷൻ അനുവദിച്ചതിന് ശേഷം മാത്രം സേവന-പെൻഷൻ സോഫ്റ്റ്‌വെയറിൽ ഡേറ്റ എൻട്രി നടത്തുന്നതിനാൽ അപേക്ഷയിന്മേലുള്ള തുടർ നടപടികൾ നിർദിഷ്ട സമയപരിധിക്കുള്ളിൽ ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് സാധിക്കുന്നില്ല. ക്ഷേമ പെൻഷൻ അപേക്ഷ രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധയെ ക്ഷണിക്കുന്നു.

## 3-15 രേഖകൾ ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

ചുവടെ കൊടുത്തിരിക്കുന്ന ചെലവുകളെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | ഇനം | ചെക്ക് നം/ തിയതി | തുക | പരാമർശം |
|---|---|---|---|---|
| 1 | മഴക്കാല പൂർവ്വ ശുചീകരണം | 7600218/ 26.06.2017 | 285000 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.)ക്ക് തുക കൈമാറി. ചെലവ് വിശദാംശങ്ങളില്ല |
| 2 | ബ്ലോക്കുതല ക്ഷീരോത്സവം | 7600214/ 26.06.2017 | 10000 | മുനിയറ ക്ഷീരകർഷക സംഘത്തിന് കൈമാറി, ചെലവ് വിശദാംശങ്ങളില്ല |
| | | ആകെ | 2,95,000 | |

രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-16 അസി. എൻജിനീയർ പദ്ധതി വിലയിരുത്തൽ

അസി. എൻജിനീയർ മുഖേന നടപ്പാക്കുന്നതിന് തൻവർഷം 140 പ്രോജക്ടുകൾ ആസൂത്രണം ചെയ്യുകയും അവയ്ക്ക് വിവിധ തലങ്ങളിൽനിന്ന് അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു. ഇവയിൽ 50 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. എന്നാൽ 90 പ്രോജക്ടുകളാണ് തൻവർഷം പൂർണമായോ ഭാഗികമായോ നടപ്പാക്കിയത്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ടുകൾ വീതം വയ്ക്കുന്നതുവഴി പ്രോജക്ടുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും, എന്നാൽ സാങ്കേതികവിഭാഗം ജീവനക്കാരുടെ പരിമിതമായ മനുഷ്യശേഷിയും സമയവും വിനിയോഗിച്ച് അവ യഥാസമയം നിർവ്വഹിക്കാൻ കഴിയാതെ വരികയും ചെയ്യുന്നുവെന്നതാണ് യഥാർത്ഥ വസ്തുത. ഇത്തരത്തിലുള്ള പദ്ധതി നിർവ്വഹണത്തിന്റെ ആത്യന്തികമായ നഷ്ടം പേറേണ്ടി വരുന്നത് പശ്ചാത്തല സൗകര്യത്തിന്റെ അഭാവംമൂലം ബുദ്ധിമുട്ടുന്ന ജനങ്ങൾ തന്നെയാണ്.

അനുദിനം കമ്പോളത്തിൽ നിർമാണ സാധനങ്ങളുടെ വില വർദ്ധിക്കുന്നതുമൂലം പ്രോജക്ടുകൾ തുടർന്നുള്ള സാമ്പത്തികവർഷങ്ങളിൽ പൂർത്തിയാക്കേണ്ടി വരുന്നത് അവയുടെ ഗുണനിലവാരത്തെ സാരമായി ബാധിക്കുമെന്നത് തർക്കത്തിനിട നൽകാത്ത കാര്യമാണ്. കൂടാതെ അതാത് വർഷം പ്രോജക്ടുകൾക്ക് വകയിരുത്തുന്ന തുകകൾ ചെലവഴിക്കാതെ വരുന്ന സാഹചര്യം തുടർവർഷങ്ങളിൽ നൂതനമായ പ്രോജക്ടുകൾക്ക് വിഭവസമാഹരണം സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും. പഞ്ചായത്തിന്റെയും സർവോപരി

ജനങ്ങളുടെയും ഉത്തമസാമ്പത്തിക താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി, ആവിഷ്കരിക്കപ്പെടുന്ന പ്രോജക്ടുകൾ സമയബന്ധിതവും കാര്യക്ഷമവുമായി നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2017-18 | 1500000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1500000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 1100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1100000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 800000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 800000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തിയതി | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് | മുക്കടം അങ്കണവാടി | 21700659/ 28.11.17 | 380000 | ഇല്ല | 380000 |
| പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് | കാറ്റാടിപ്പാറ അങ്കണവാടി | 21700659/ 28.11.17 | 380000 | ഇല്ല | 380000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

- ഇല്ല -

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയെടുത്തത്, തിരിച്ചടച്ചത്, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നത് എന്നിവയുടെ

വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷം എടുത്ത ലോൺ തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ(സാ) നം.229/10/ തസ്വഭവ. തീ.22.01.10 | 15074750 | 2637685 | 0 | 1799150 | 0 | 838535 |
| ജവഹർ ഭവന പദ്ധതി | സ.ഉ(സാ) നം.299564/ DB1/15/ തസ്വഭവ തീ.01.10.15 | 28840000 | 28840000 | 3000000 | 4015802 | 0 | 27824198 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹5,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | ₹5,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹5,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക ₹ |
|---|---|
| എഫ്.ഡി. രസീത് നം 1270, തീ 31.03.2017<br><br>ഇടുക്കി ജില്ലാപഞ്ചായത്ത് എംപ്ലോയീസ് സഹകരണ സംഘം, നെടുങ്കണ്ടം | 500000 |

തൻവർഷം ലഭിച്ച പലിശ ₹45,000/- പഞ്ചായത്തിന്റെ തനത്ഫണ്ട് അക്കൗണ്ടിൽ (എസ്.ബി.ഐ.-അടിമാലി) നിക്ഷേപിച്ചിട്ടുണ്ട്.

## 4-6 ഓഡിറ്റ് റിക്കവറി

- ഇല്ല -

## 4-7 സമാഹൃത ഓഡിറ്റ്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം/ ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1 | 2014-15<br>2-3 | 2016-17 | അനുബന്ധം-3 | വസ്തുനികുതി അപാകതകൾ | - |
| 2 | 2015-16<br>2-4 | 2016-17 | അനുബന്ധം-4 | വസ്തുനികുതി അപാകതകൾ | - |
| 3 | 2015-16<br>2-2 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി സംബന്ധിച്ച് | - |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം (എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗീക സ്ഥാനം., ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക ₹ | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1999-00 | 26 | കെ. രവി, സെക്രട്ടറി | എൽ.എഫ്. 19234/ സ്പെ.സെൽ എസ്.സി.2/ 2003, 20.08.04/ 22.09.04 | 36768 | 0 | 0 | 0 | 0 | 0 | 36768 | - |

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗീക സ്ഥാനം., ഭരണ വകുപ്പ് | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക ₹ | | | ഉൾപ്പെട്ട | ഈടാക്കിയ | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | തീയതി | തുക ₹ | തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 31, 32, 34 | കെ. രവി സെക്രട്ടറി | എൽ.എഫ്. 22661/ സ്പെ.സെൽ എസ്.സി. 2/2003 20.08.04/ 27.04.03 | 2622 | 0 | 0 | 0 | 0 | 0 | 2622 | ... |
| 2 | 1999-00 | 27,29, 38 (1)& (2) | പി. എസ്. രാജപ്പൻ സെക്രട്ടറി | എൽ.എഫ്. 19234/ സ്പെ.സെൽ എസ്.സി. 2/2003 20.08.04/ 22.09.04 | 6448 | 0 | 0 | 0 | 0 | 0 | 6448 | ... |
| 3 | 1999-00 | 35, 36 | കെ. രവി സെക്രട്ടറി | എൽ.എഫ്. 19234/ സ്പെ.സെൽ എസ്.സി. 2/2003, 20.08.04/ 22.09.04 | 20474 | 0 | 0 | 0 | 0 | 0 | 20474 | ... |
| 4 | 1999-00 | 39 | എ. മുരളീധരൻ അസി. എഞ്ചി. | എൽ.എഫ്. 19234/ സ്പെ.സെൽ എസ്.സി. 2/2003, 11.03.2005/ 26.03.2005 | 6828 | 0 | 0 | 0 | 0 | 0 | 6828 | ... |
| 5 | 2000-01 | 30(3) | വി. എസ്. മുഹമ്മദ് സെക്രട്ടറി | എൽ.എഫ്. 7073/ സ്പെ.സെൽ എസ്.സി. 2/2005, 04.07.2006 | 17520 | 0 | 0 | 0 | 0 | 0 | 17520 | ... |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 6 | 2004-05 | 3-11 (part) | കെ. എ. റഷീദ് അസി. എഞ്ചി. | എൽ.എഫ്. 18560/ സ്പെ.സെൽ എസ്.സി. 2/2008, 06.02.2010 | 3608 | 0 | 0 | 0 | 0 | 0 | 3608 | ... |
| 7 | 2004-05 | 3-11 (part) | കെ. സുധാകരൻ അസി. എഞ്ചി. | എൽ.എഫ്. 18560/ സ്പെ.സെൽ എസ്.സി. 2/2008, 21.11.2009 | 3608 | 0 | 0 | 0 | 0 | 0 | 3608 | ... |
| 8 | 2005-06 | 3-1, 3-2 | സി. ജി. ചന്ദ്രമോഹൻ സെക്രട്ടറി | എൽ.എഫ്. 17882/ സ്പെ.സെൽ എസ്.സി. 2/2009, 18.01.2011 | 23055 | 0 | 0 | 0 | 0 | 0 | 23055 | ... |
| 9 | 2005-06 | 3-7 | എ. സോമൻ സെക്രട്ടറി | എൽ.എഫ്. 17882/ സ്പെ.സെൽ എസ്.സി. 2/2009 18.01.2011 | 8520 | 0 | 0 | 0 | 0 | 0 | 8520 | ... |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹8,81,60,208.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹9,88,36,172.00 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹25,359.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3,29,504.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 5015 | ശ്രീമതി. അനുഷ സലി, വെറ്ററിനറി സർജൻ. |
| | 2514 | ശ്രീ. മോഹനൻ നായർ പി. കെ |

| | | |
|---|---|---|
| | 2514 | ശ്രീമതി. ഡോണാ സാജു |
| | 2514 | ശ്രീമതി. ജയ വിജയൻ |
| | 2514 | എൻ. എം. ജോസ് |
| | 2514 | ലിസമ്മ ജോസ് |
| | 2515 | സന്തോഷ് കെ. |
| 3-5 | 12809 | ശ്രീമതി. ഷെറിൻ ആൻഡ്രൂസ്, അസി.എഞ്ചിനീയർ |
| 3-6 | 34504 | ശ്രീ. കെ. സന്തോഷ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 34504 | സന്തോഷ് കെ., സെക്രട്ടറി |
| 3-15 | 295000 | സന്തോഷ് കെ., സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അനുഷ സലി<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ<br>കൊന്നത്തടി | പാലയ്ക്കാതൊട്ടിയിൽ<br>ദീപ്തി നഗർ<br>അടിമാലി പി. ഒ. |
| ശ്രീമതി. ഷെറിൻ ആൻഡ്രൂസ്<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ<br>കൊന്നത്തടി | ഇഞ്ചപ്പാറയിൽ വീട്<br>മന്നാംകണ്ടം പി. ഒ. |

| | | |
|---|---|---|
| | | അടിമാലി |
| ശ്രീ. മോഹനൻനായർ<br>പി.കെ.<br>മെമ്പർ | മെമ്പർ കൊന്നത്തടി<br>ഗ്രാമപഞ്ചായത്ത് | വടശ്ശേരിൽ<br>പണിക്കൻകുടി |
| ശ്രീമതി. ഡോണാ സാജു<br>മെമ്പർ | മെമ്പർ കൊന്നത്തടി<br>ഗ്രാമപഞ്ചായത്ത് | പെരുമാടിക്കുന്നേൽ<br>മങ്കുവ |
| ശ്രീമതി. ജയവിജയൻ | മെമ്പർ കൊന്നത്തടി<br>ഗ്രാമപഞ്ചായത്ത് | താളനാനിയിൽ<br>കമ്പിളികണ്ടം |
| ശ്രീ. എൻ. എം. ജോസ്<br>മെമ്പർ | മെമ്പർ | നടുവിയക്കുറ്റ്<br>പണിക്കൻകുടി |
| ശ്രീമതി. ലിസമ്മ ജോസ്<br>മെമ്പർ | മെമ്പർ | പുൽപ്പറമ്പിൽ<br>പനംകുറ്റി |
| ശ്രീ. സന്തോഷ് കെ.<br>മെമ്പർ | മെമ്പർ | അമ്പാട്ട്, പുതുപ്പരിയാരം<br>മണക്കാട്, തൊടുപുഴ |

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളുടെ പേരും മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സന്തോഷ് കെ., സെക്രട്ടറി | - | അമ്പാട്ട് വീട്<br>പുതുപരിയാരം പി. ഒ.<br>തൊടുപുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ നമ്പർ | അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് |
|---|---|---|---|
| 1995-96 | LFI-8/138/99,<br>തീ. 15.06.99 | 24 | 1, 2, 3, 4, 5, 10, 13(1),(2),(3), 14 (1, 2, 3, 4, 5), 15, 16, 17, 18, 19, 20, 21, 22, 23, 24, |
| 1996-97 | LFI-8/225/99,<br>തീ.10.09.99 | 2 | 31(B), 33 |

| | | | |
|---|---|---|---|
| 1997-98 | LFI-8/520/01, തീ.02.11.01 | 5 | 24, 25, 26, 27, 29 |
| 1998-99 | LFI-8/521/01, 02.11.01 | 22 | 21, 21(C), 22, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 38, 39, 40, 41 |
| 1999-00 | LFI-8/28/02 തീ.07.06.03 | 33 | 20, 21(A), (B), 22(A),(B), (C), (D), (E), 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 38(1),(2), 39, 40, 41, 42, 43, 44, 45, 46, |
| 2000-01 | LFI-8/650/02 തീ.01.03.05/05.04.05 | 17 | 20, 21, 22, 23, 24, 25(A),(B), 26, 27, 28, 29, 30(3),(6),(7), 31, 32, 33 |
| 2001-02 | LFI-8/700/04, തീ.28.06.05 | 18 | PART II - 1, 2, 3, 4, 5, 6, 7, 8, 9, 10, 12, PART III - 6,7,10,11,12,13,14, |
| 2002-03! | LFI-7/650/06 തീ.12.10.06/04.05.07 | 28 | 2.1(A),(B), 2.2, 2.3, 2.4, 2.5, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9, 3.10, 3.11, 3.12, 3.13, 3.14, 3.15, 3.16, 3.17, 3.18, 3.19, 3.20, 3.21, 3.22 |
| 2003-04 | LFI-7/658/07 തീ.14.02.08/10.03.08 | 17 | 2.2, 2.3, 2.4(A),(B),(C),(D), 2.5(A),(B), 2.6, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, |
| 2004-05 | LFI-7/192/08 തീ.07.08.08/15.10.08 | 21 | 2.1(A),(B),(C), 2.2, 2.3 (A),(B), 2.4, 2.5, 2.6, 2.7, 2.8, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9, 3.10, 3.11, 3.12, 3.13, 3.14, |

| | | | |
|---|---|---|---|
| 2005-06! | LFI-7/143/09 തീ.18.05.09/09.10.09 | 23 | 2.1, 2.2, 2.3, 2.4, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9, 3.10, 3.11, 3.12, 3.13, 3.14 (A,)(B),(C), 3.15(A),(B), 3.16 |
| 2006-07 | LFI-11/520/2010 തീ.03.03.11/31.03.11 | 12 | 2.1, 2-2(1), 2-2(2), 3.1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3 8,3-9, |
| 2007-08 | LFI-11/948/2011 തീ.12.10.11 | 10 | 2.2(1)(2)(3),2.3,2.4,2.5,2.6, 3.1,3.2,3.3, |
| 2008-09 | LFI-11/949/2011 തീ.01.12.11/06.01.2012 | | 2.1,2.2,2.3,2.4,2.5,2.6, 2.7,2.8, 3.1, 3.2,3.3,3.4,3.5,3.6,3.7, |
| 2009-10 | LFI-11/950/2011 തീ. 02.02.2012 | 21 | 2.1,2.2,2.3(A,B,C), 2.4, 2.5, 2.6,2.7, 3.1, 3.2,3.3,3.4,3.5, 3.6(A,B,C),3.7,3.8, 3.9, 3.10, |
| 2010-11 | LFI-11/989/2013 തീ. 07.03.15 | 23 | 2.1,2.2,2.3, 3.1,3.2,3.3, 3.4,3.5,3.6,3.7, (1,2,3)3.8,3.9,3.10,3.11, 3.12,3.13, 3. 14, 3.15, 3.16,3.17,3.18 |
| 2011-12 | LFI-11/800/13 തീ.03.12.13/25.02.14 | 15 | 2.1(A)(B)(C)(D),2.2,2.3, 2.5 3.1,3.2, 3.3,3.4,3.5,3.6,3.7,3.8, |
| 2012-13 | LFI-11/398/14 തീ. 31.05.2014 | 12 | 2.1,2.2, 3.1,3.2,3.3,3.4, 3.5,3.6,3.7, 3.8,3.9,3.10 |
| 2013-14 | KSA-IDK-11/208/16 തീ. 23.06.16 | 23 | 2.1,2.2,2.3,2.4,2.5,2.6, 3.1, 3.2,3.3,3.4, 3.5,3.6,3.7, 3.8,3.9,3.10,3.11, 3.12,3.13, |

| | | | |
|---|---|---|---|
| | | | 3.14,3.15,3.16,3.17 |
| 2014-15 | KSA-IDK-11/1629/16/തീ. 04.02.17 | 13 | 2.1,2.2,2.3, 3.2(A,B), 3.3,3.4,3.5,3.6,3.8, 3.9, 3.11,3.12 |
| 2015-16 | KSA-IDK-11/479/17 തീ. 17.04.17 | 14 | 2.1, 2.2, 2.3, 2.4, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.10, 3.11, |
| 2016-17 | KSA-IDK-11/1321/17/തീ. 02.11.17 | 11 | 2.1, 2.2, 2.3, 2.4, 3.1, 3.2,3.3, 3.4, 3.5, 3.6, 3.7, |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം - 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഐ.ഡി.കെ-11/57/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
*ഇ-മെയിൽ : doidk.ksad@kerala.gov.in*
ഫോൺ നം. 04862 227332
തീയതി : 00.00.0000

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്